ലോക്കൽ ഡെവലപ്പ്മെൻറ് പദ്ധതിയനുസരിച്ചു പണി.

65. [21] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണപ്രകൃപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഡെവലപ്പ്മെൻറ് പദ്ധതിയനുസരിച്ച് ഈ സാമ്പത്തികവർഷത്തിന്റെ ആരംഭം മുതൽ ഇന്നുവരെ (23-6-1955) എത്ര പണികളുടെ എസ്റ്റിമേറുകൾ ആകെ അനുവദിച്ചിട്ടുണ്ട്;

(ബി) അതിൽ എത്ര എസ്റ്റിമേറുകൾ പത്തനംതിട്ട താലൂക്കിൽനിന്നും ഉണ്ട്?

ഉത്തരം.

(എ) ലോക്കൽ ഡവലപ്പ്മെൻറ് പദ്ധതിയനുസരിച്ച് ഈ സാമ്പത്തികവർഷത്തിന്റെ ആരംഭം മുതൽ (1-4-1955) 23-6-1955 വരെ 213 പണികളുടെ എസ്റ്റിമേറുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) ഇവയിൽ 3 പണികൾക്കുള്ള എസ്റ്റിമേറുകൾ പത്തനംതിട്ട താലൂക്കിൽ നിന്നും ആകുന്നു.

പ്രസവവാർഡ്.

66. [22] ശ്രീ. എൻ. ജി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴഞ്ചേരി ഡിസ്പെൻസറിയിൽ ഒരു പ്രസവവാർഡ് പുതുതായി തുറന്നിട്ടുണ്ടോ;

(ബി) ഈ വാർഡിന്റെ ആവശ്യത്തിനുവേണ്ട നഴ്സുമുതലായ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടോ;

(സി) നിയമിച്ചിട്ടില്ലെങ്കിൽ ഉടൻ നിയമിക്കുമോ?

ഉത്തരം.

(എ) തുറന്നിട്ടുണ്ട്.

(ബി) പ്രസവവാർഡിന് പ്രത്യേകമായി നഴ്സിന്റെ ആവശ്യമില്ല. ആവശ്യമായ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

Cultivable Lands.

67. [25] SHRI T. T. DANIEL: Will the Minister for Land Revenue be pleased to state:

How many acres of cultivable lands are there in the Travancore-Cochin State?

Answer

About 28,20,652 acres.

LIBRARY ARCHIVES Kerala Legislative Assembly